[Hon'ble Mr. T. M. Varghese]

മറ്റാളുകളോടും ചോദിക്കുകയുണ്ടായി. അവരിൽനിന്നും ഗവണ്മെൻറിനു കിട്ടിയ അഭിപ്രായം ഈ പുസ്തകം മാറ്റിയേ തീരൂ എന്നില്ലെന്നാണ്.

ലിഫ്റ്റു ഇറിഗേഷൻ.

375. MR. K. A. MATHEW: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പി. ഡബ്ളിയു. വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ?

(എ) തിരുവല്ലാതാലൂക്കിൽ എവിടെയെല്ലാം, എത്ര ഏക്കർ, എത്ര ഏക്കർ, എത്ര ഏക്കർ ഈ വർഷങ്ങളിൽ ലിഫ്റ്റു ഇറിഗേഷൻ എപ്പെപ്പെട്ടതണമെന്നുള്ള അപേക്ഷകൾ ഗവണ്മെൻറിന് ലഭിച്ചിട്ടുണ്ട്?

(ബി) അതിൽ എവിടെയെല്ലാം അനുവദിച്ചു?

(സി) ബാക്കിയുള്ള സ്ഥലങ്ങളിൽ അനുവദിക്കാതിരുന്നതിൻറെ കാരണമെന്തു?

HON'BLE MR. K. M. KORAH: (എ) പമ്പാ, മണിമല ഈ ആറുകളുടെ തീരത്തുള്ള പല പ്രദേശത്തുനിന്നും ഇതുസംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകളുടെ താലൂക്കു തിരിച്ചുള്ള പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതും, അതിനാൽ ആവശ്യപ്പെട്ടപ്രകാരം വർഷംതിരിച്ചുള്ള പട്ടിക നൽകുവാൻ സാധ്യമല്ലാത്തതുമാകുന്നു.

(ബി) താഴെ പറയുന്ന സ്ഥലങ്ങളിൽ ഫാതാതിനെതിരെ കാണിച്ചിട്ടുള്ള വർഷങ്ങളിൽ ലിഫ്റ്റു ഇറിഗേഷൻ നടത്തിയിട്ടുണ്ട്.

(എ) മുഴവങ്ങാടി — 1122, 1123, 1124.

(ബി) കവിയൂർ പമ്പു — 1123, 1124.

(സി) തോണ്ടറ നദിയുടെ വടക്കേക്കരയുള്ള നെൽപ്പാടങ്ങളും — 1124.

(ഡി) കറുർ നെൽപ്പാടങ്ങളും — 1124.

(സി) പമ്പാനദിയുടെ ഇരുചാർശ്വങ്ങളിലുമുള്ള നിലങ്ങൾക്ക് ലിഫ്റ്റു ഇറിഗേഷൻ ലഭ്യമാക്കുന്നതിന് സമഗ്രമായ ഒരു എസ്റ്റിമേറ്റു പരിഗണനയിൽ ഇരിക്കുന്നു.

പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറിലെ ചില ഉദ്യോഗസ്ഥന്മാർ

376 MR. P. K. KRISHNAN SASTRI: താഴെ പറയുന്ന ചോദ്യങ്ങൾക്കു തിരുവിതാംകൂർ പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറിൻറെ ചാർജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവിതാംകൂർ പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ട്മെന്റിൽ 'പ്രോപ്പഗന്റാ ആഫീസർ' ആരെന്നും, അദ്ദേഹത്തിന്റെ പരീക്ഷായോഗ്യതകളെന്തെന്നും, എന്തു പ്രോപ്പഗാന്റാവക്കാണു നടത്തുന്നതെന്നും എവിടെയാണെന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെന്റിനു ദയവുണ്ടാകുമോ ?

(ബി) ആർഗനൈസിംഗ് സൂപ്രവൈസർ ആരെന്നും, അദ്ദേഹത്തിന്റെ പരീക്ഷായോഗ്യതകളെന്തെന്നും, എന്തു വക്കാണു് നടത്തുന്നതെന്നും എവിടെയാണെന്നും. പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെന്റിനു ദയവുണ്ടാകുമോ ?

(സി) വെൽഫയർ ആഫീസർ ആരെന്നും അദ്ദേഹത്തിന്റെ പരീക്ഷായോഗ്യതകളെന്തെന്നും, അദ്ദേഹത്തിന്റെ ജോലിസ്ഥലം എവിടെയെന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെന്റിന് ദയവുണ്ടാകുമോ ?

HON'BLE MR. G. RAMACHANDRAN : എ. (ഏ) മി. കെ. പി. തമ്പി.

(ഒ) വാർദ്ധായിൽ മിസ്റ്റർ ജെ. സി. കുമരപ്പയുടെ കീഴിൽ ഗ്രാമപുനരുദ്ധാരണം സംബന്ധിച്ചുള്ള പരിശീലനം സിദ്ധിച്ചിട്ടുണ്ട്.

(ന) മെൽത്തൂസ്, സാനിട്ടേഷൻ, ക്ലൻലിനസ, വിദ്യാഭ്യാസം ഈ വഴികളിൽ ഗവണ്മെന്റിൽനിന്നും പിന്നോക്കസമുദായക്കാക്ക് ലഭിക്കുന്നതും ലഭിക്കാവുന്നതുമായ സഹായങ്ങളേപ്പറ്റി പ്രചരണം നടത്തുന്നു.

(ര) പിന്നോക്കസമുദായങ്ങളുടെ കാളനികളും സെറ്റിൽമെന്റുകളും ഉള്ള സ്ഥലത്തു് പ്രധാനമായി പ്രചരണം നടത്തുന്നു.

ബി. (ഏ) പേര് മിസ്റ്റർ കെ. വാസുദേവൻ എന്നാണു്.

(ഒ) ഇ. എസ്സ്. എൽ. സി. പാസ്സായിട്ടുണ്ട്. കമ്പനി നിയമം സംബന്ധിച്ച പരിശീലനം സിദ്ധിച്ചിട്ടുണ്ട്.

(ന) ജോയിന്റ് സ്റ്റാക്ക് കമ്പനിനിയമം അനുസരിച്ച് അസോസിയേഷൻ രൂപീകരിക്കുകയും രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നു.

(ര) തിരുവിതാംകൂർ ഒട്ടുക്ക് അദ്ദേഹത്തിനു് ജോലിയുണ്ട്.

സി. (ഏ) പേര് മിസ്റ്റർ എം. സി. ദാസ്സ് എന്നാണു്.

(ഒ) മദ്രാസിലും തിരുവിതാംകൂറിലും ഉള്ള വെൽഫയർജോലികളിൽ പരിശീലനം സിദ്ധിച്ചിട്ടുണ്ട്. സംഘടനാജോലികളിൽ പ്രത്യേകതാല്പര്യമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. G. Ramachandran]

(൩) ദേവികുളം, പിരുമേട്, പത്തനംതിട്ട, തൊടുപുഴ, നെടുമങ്ങാട്, കൽക്കുളം, വിളവങ്കോട്, തോവാള എന്നീ താലൂക്കുകളിലുള്ള മലവർഗ്ഗക്കാരുടെ ഇടയിലാണ് പ്രത്യേകം ജോലിചെയ്യുന്നത്.

പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറിലെ ചില ഉദ്യോഗങ്ങൾ.

377. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യത്തിന് തിരുവിതാംകൂർ പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറിന്റെ ചാർജ് വഹിക്കുന്ന മന്ത്രി സഭയം മറുപടി പറയുമോ ?

പ്രോപ്പഗാൻറാ ആഫീസർ, വെൽഫെയർ ആഫീസർ, ആർഗനൈസിംഗ് സൂപ്രവൈസർ എന്നീ ഉദ്യോഗങ്ങൾക്ക് പിന്നോക്കസമുദായങ്ങളിൽപ്പെട്ടവർ അപേക്ഷിച്ചിട്ടുണ്ടോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ ?

HON'BLE MR. G. RAMACHANDRAN : ഇല്ല.

പിന്നോക്കസമുദായസംരക്ഷകഉദ്യോഗത്തിനുള്ള അപേക്ഷ.

378. MR. P. K. KRISHNAN SASTRI : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറിന്റെ ചാർജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സഭയം മറുപടി പറയുമോ ?

പിന്നോക്കസമുദായസംരക്ഷകഉദ്യോഗത്തിന് പിന്നോക്കസമുദായത്തിൽപ്പെട്ട ആരെങ്കിലും അപേക്ഷിച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ ആരെല്ലാമെന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ ?

HON'BLE MR. G. RAMACHANDRAN : No one belonging to any backward community has applied for the place of the Protector of Backward Communities.

പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറിലെ ഉദ്യോഗങ്ങൾ.

379. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യത്തിന് പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറിന്റെ ചാർജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സഭയം മറുപടി പറയുമോ ?

പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറിലെ വിവിധ ഉദ്യോഗങ്ങളിൽ പിന്നോക്കസമുദായത്തിൽപ്പെട്ട ആളുകളെ നിയമിക്കുന്നതു

LIBRARY ARCHIVES Kerala Legislative Assembly